**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3185** **07-10-2025 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ കായിക പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കായികവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങളും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നിർവഹണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | (ബി) | മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കായികവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങളും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| നം | പദ്ധതിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | വോർക്കാടി ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിലെ കായിക അടിസ്ഥാന സൗകര്യ വികസനം | 100.00 | 2023-24 ബഡ്ജറ്റിൽ ഉൾപ്പെടുത്തി 14.12.2023-ന് 1.00 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. 90.39 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ചു. ഏറ്റവും കുറഞ്ഞ നിരക്കിൽ (₹66.40 ലക്ഷം) കരാർ ഏറ്റെടുത്തത് ശ്രീ. അബ്ദുൾ അലി C.H, കാസർഗോഡ്. പ്രവൃത്തി പുരോഗമിക്കുന്നു. ഉൾപ്പെട്ട ഘടകങ്ങൾ: ഗ്രൗണ്ട് ഡെവലപ്മെൻറ്, ഫെൻസിംഗ്, സ്റ്റെപ്പ് ഗ്യാലറി, കോമ്പൗണ്ട് വാൾ, ഗേറ്റ്, ഫ്ളഡ് ലൈറ്റ്, ഇലക്ട്രിക്കൽ പ്രവൃത്തികൾ. 28% പ്രവൃത്തി പൂർത്തിയായി. 2025 നവംബർ അവസാനം പൂർത്തിയാകും. |
| 2 | മീഞ്ച ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിലെ കായിക അടിസ്ഥാന സൗകര്യ വികസനം | 100.00 | 2023-24 ബഡ്ജറ്റിൽ ഉൾപ്പെടുത്തി 15.12.2023-ന് 1.00 കോടി ഭരണാനുമതി ലഭിച്ചു. 90.35 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ചു. ഏറ്റവും കുറഞ്ഞ നിരക്കിൽ (₹77.65 ലക്ഷം) കരാർ ഏറ്റെടുത്തത് ശ്രീ. റോണി ഡിസൂസ, കാസർഗോഡ്. പ്രവൃത്തി പുരോഗമിക്കുന്നു. ഘടകങ്ങൾ: ഗ്രൗണ്ട് ഡെവലപ്മെൻറ്, സ്റ്റെപ്പ് ഗ്യാലറി, സ്റ്റേജ്, കോമ്പൗണ്ട് വാൾ, ഗേറ്റ്, റീട്ടൈനിംഗ് വാൾ, ഫ്ളഡ് ലൈറ്റ്, ഇലക്ട്രിക്കൽ പ്രവൃത്തികൾ. 5% പ്രവൃത്തി പൂർത്തിയായി. 2026 ഫെബ്രുവരി അവസാനം പൂർത്തിയാകും. |
| 3 | (ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി) മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് | 100.00 | എം.എൽ.എ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 50.00 ലക്ഷം ഭരണാനുമതി ലഭിച്ചു. 15.01.2025-ന് 100 ലക്ഷം (50+50) സംയുക്ത ഭരണാനുമതി ലഭിച്ചു. 93.89 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ചു. കരാർ (₹68.69 ലക്ഷം) ഏറ്റെടുത്തത് ശ്രീ. നസീർ I, കാസർഗോഡ്. ഘടകങ്ങൾ: മഡ് ഫുട്ബോൾ കോർട്ട്, ഫെൻസിംഗ്, സ്റ്റെപ്പ് ഗ്യാലറി, നിലവിലുള്ള കോമ്പൗണ്ട് വാൾ നവീകരണം, ടോയ്ലറ്റ് ബ്ലോക്ക്, ഇലക്ട്രിക്കൽ പ്രവൃത്തികൾ. നിലവിൽ സൈറ്റ് ക്ലിയറൻസ് പൂർത്തിയായി. |
| 4 | എൻമകജെ ഗ്രാമപഞ്ചായത്തിലെ കായിക അടിസ്ഥാന സൗകര്യ വികസനം | 100.00 | 15.01.2025-ന് 100 ലക്ഷം ഭരണാനുമതി ലഭിച്ചു. 93.89 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ചു. കരാർ (₹72.17 ലക്ഷം) ഏറ്റെടുത്തത് ശ്രീ. നസീർ I, കാസർഗോഡ്. ഘടകങ്ങൾ: മഡ് ഫുട്ബോൾ കോർട്ട്, മഡ് വോളീബോൾ കോർട്ട്, ഫെൻസിംഗ്, ഡ്രെയിൻ, കോമ്പൗണ്ട് വാൾ, ഗേറ്റ്, സ്റ്റെപ്പ് ഗ്യാലറി & സ്റ്റേജ്, ടോയ്ലറ്റ് കം ഓഫീസ് ബിൽഡിംഗ്, ഇലക്ട്രിക്കൽ പ്രവൃത്തികൾ. പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| 5 | മണിയംപാറ സ്റ്റേഡിയം നിർമ്മാണം | – | 2025-26 ബഡ്ജറ്റിൽ ക്രമ നം 2432 ആയി ഉൾപ്പെടുത്തിയിരിക്കുന്നു. ഗ്രാമപഞ്ചായത്ത് മുഖേന ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. ഭൂമി ഏറ്റെടുക്കൽ പൂർത്തിയായാൽ ഭരണാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ് |
| 6 | പേരൂർ G.H.S.S മംഗൾപ്പാടി ഗ്രാമപഞ്ചായത്ത് | – | 20.09.2025-ലെ സ.ഉ.(സാധാ) നം. 238/2025/കായു.വ പ്രകാരം “ഒരു പഞ്ചായത്തിൽ ഒരു കളിക്കളം” പദ്ധതിയുടെ രണ്ടാം ഘട്ടമായി നടപ്പിലാക്കേണ്ട പദ്ധതികളിൽ ടി പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്.. |

സെക്ഷൻ ഓഫീസർ